രാമവർമ്മതമ്പുരാൻ.—ആണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതിൽ നിന്നാണോ ഈ സംഖ്യ കൊടുക്കുന്നത്?

രാമവർമ്മ തമ്പുരാൻ.—അനേഷിച്ചുവേണം പറയുവാൻ.

Lease of Porambokes to the Depressed Classes.

189. മിസ്റ്റർ കെ. പി. വള്ളോൻ.—എ ഫ ഠൻ-ൽ അധഃകൃത സംരക്ഷണവകുപ്പിൽനിന്നും അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചു കൊടുത്തവകയിലും മറ്റുമായി ചിലവായിട്ടുള്ള സംഖ്യകൾ എത്ര; മറ്റുള്ളവർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതും മറ്റും ഏതു ഡിപ്പാർട്ട്മെണ്ടിൽനിന്നാകുന്നുവെന്നു ദയവായി മറുപടി പറയുമോ?

രാമവർമ്മതമ്പുരാൻ.—എ ഫ ഠ ൻ-ൽ അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുത്ത വകയിൽ യാതൊന്നും ചിലവായിട്ടില്ല. മറ്റുള്ളവർക്കുപുറമ്പോക്കു പതിച്ചുകൊടുക്കുന്നതു റെവന്യൂ ഡിപ്പാർട്ട്മെണ്ടു വഴിക്കാണ്.

Appointments for the Depressed classes—petition to the Protector.

190. മിസ്റ്റർ കെ. പി. വള്ളോൻ.—എ ഫ ഠ വ-ലും എ ഫ ഠ ൻ-ലും അധഃകൃതർക്കു് ഉദ്യോഗം കിട്ടണമെന്നും വാങ്ങിത്തരണമെന്നും അപേക്ഷിച്ചുകൊണ്ടു് എത്ര ഹർജികൾ സംരക്ഷണവകുപ്പിൽ കിട്ടീട്ടുണ്ടു്; അതിൽ എത്രപേർക്കു് ഉദ്യോഗം കൊടുക്കുകയും കൊടുപ്പിക്കയും ചെയ്തിട്ടുണ്ടു്; കൊടുത്ത ഉദ്യോഗമെന്തു്; കൊടുപ്പിച്ച ഉദ്യോഗങ്ങളെന്തു്?

രാമവർമ്മതമ്പുരാൻ.—എ ഫ ഠ വ-ലും എ ഫ ഠ ൻ-ലും കൂടി അധഃകൃതരുടെ ര ഠഠ ഹർജികൾ കിട്ടീട്ടുണ്ടു്. അവരിൽ വ പേർക്കു സംരക്ഷണവകുപ്പിൽ ഉദ്യോഗം കൊടുത്തിട്ടുണ്ടു്. ആ ഉദ്യോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

എ. ടി. സി. വേലായുധൻ—വേട്ടുവൻ—ക്ലാർക്ക്, പ്രൊട്ടക്ടരുടെ ആപ്പീസ്.

ഉ. വി. കെ. ശങ്കരൻ—പടന്നകണക്കൻ—ശിപായി.

ന. എൻ. കെ. അയ്യർ—പുലയൻ—കോളനി വാർഡൻ.

ര. ടി. എ. രാമൻ—ഉള്ളാടൻ—ശിപായി.

ങ. എം. കെ. മാണിക്കൻ—പുലയൻ—കോളനി വാർഡൻ

ന.	ടി. എ. കുഞ്ഞുണ്ണി	ടി	ടി
ഒ.	ജി. കെ. നാരായണൻ	ടി	ടി
വ.	കെ. സി. കൊടിയൻ	ടി	ടി

അന്യ ഡിപ്പാർട്ട്മെണ്ടിൽ ഉദ്യോഗം കൊടുപ്പിക്കണമെന്നുള്ള ഹർജികൾ അതാതു ഡിപ്പാർട്ട്മെണ്ടിലെ മേലദ്ധ്യക്ഷന്മാർക്കു തു

LIBRARY ARCHIVES Kerala Legislative Assembly

പാർലിസഹിതം അയച്ചുകൊടുത്തിട്ടുണ്ട്. ഉദ്യോഗം കൊടുപ്പിക്കുവാൻ സംരക്ഷകന്നധികാരമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സംരക്ഷണ വകുപ്പിൽ ഈ രണ്ടുകൊല്ലങ്ങളിലായി ആകെ എത്ര ഉദ്യോഗ നിയമനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ സാധിയ്ക്കുമോ ?

രാമവമ്മതമ്പുരാൻ.—രണ്ടുമൂന്നു പേരെ അപ്പോയിൻറു ചെയ്തിട്ടുണ്ട്. ചിലപ്പോൾ എത്ര ആളുകളെ അപ്പോയിൻറു ചെയ്തിട്ടുണ്ടെന്നു നിശ്ചയമില്ല. ഇതു് ഹജൂരിൽനിന്നാണു് ആർഡർ പാസ്സായിട്ടുള്ളതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം—ഇതിൽ വച ആളുകളെ നിയമിച്ചിട്ടുണ്ടെന്നു കാണുന്നു. ക, ന. ആളുകളെ മാത്രമേ നിയമിച്ചിട്ടുള്ളുവെന്നും പറയുന്നു.

രാമവമ്മതമ്പുരാൻ.— ഈ ക്ലാക്കുമാരുടെ അപ്പോയിൻറുമെൻറു് ഹജൂരിൽനിന്നും നടത്തിയതാണു്. ബാക്കിയുള്ള അപ്പോയിൻറുമെൻറ°സിനു് Protector ക്കു അധികാരമുണ്ടു്. അതിനേക്കുറിച്ചു് എനിക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ആ സംഗതി പറയാതെ ഈ ചോദ്യത്തിന്റെ ഉദ്ദേശം എങ്ങിനെ പൂർത്തിയാകും. വളരെ നിയമനങ്ങൾ ഉണ്ടായിയെന്നും, വളരെ കുറച്ചുമാത്രമേ കൊടുത്തുള്ളുവെന്നും സർക്കുലറിൽ അവർകൾ പറയുന്നുണ്ടു്. അതുംകൂടി ഈ ചോദ്യത്തിനു് ആവശ്യമായ രേഖയായതുകൊണ്ടു് അതിന്റെ വിവരങ്ങൾക്കു് ശരിയായ സമാധാനം തരുവാൻ തയ്യാറായിരിയ്ക്കേണ്ടിയിരുന്നില്ലേ ?

രാമവമ്മതമ്പുരാൻ.—ചോദ്യത്തിനുള്ള മറുപടി ഇതിൽ പറഞ്ഞിട്ടുണ്ടു്. കൂടുതൽ വിവരം വേണമെങ്കിൽ നോട്ടീസു തന്നാൽ മറുപടി ചുരുക്കി പറയാം.

Torture on Depressed Classes—petition received by the Protector.

191 മിസ്റ്റർ കെ. പി. വള്ളോൻ.— ഫ്രാൻ-ൽ അധഃകൃതരെ അന്യന്മാർ മർദ്ദിച്ചുവെന്നും മറുമായി എത്ര ഹർജികൾ സംരക്ഷണവകുപ്പിൽ കിട്ടീട്ടുണ്ടു്; ടി ഹർജികൾ എല്ലാം സംരക്ഷകനവർകൾ എന്തുചെയ്തുവെന്നു ദയവായി പറയുമോ ?

രാമവമ്മതമ്പുരാൻ.— ഫ്രാൻ ഹർജികൾ കിട്ടിയിട്ടുണ്ടു്. ഈ ഹർജികൾ അനേഷിച്ചു യുക്തമെന്നു തോന്നുന്ന നിവൃത്തികൾ വരുത്തിക്കൊടുപ്പാനുള്ള ശുപാർശയോടു കൂടി പോലീസു് ഉദ്യോഗസ്ഥന്മാർക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— ഹർജികൾ പോല്ലീസിനയച്ചു കൊടുത്തതുകൊണ്ടു മാത്രം സംരക്ഷണം പൂർത്തിയായി എന്നാണോ ഗവർമ്മെണ്ടു വിചാരിയ്ക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly